**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84** — **10-08-2023 - ൽ മറുപടിയ്ക്ക്**

**എസ്.ടി. പ്രമോട്ടർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിൽ എസ്.ടി. പ്രമോട്ടർമാരുടെ നിയമനത്തിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഹോണറേറിയം വ്യവസ്ഥയിൽ പട്ടികവർഗ്ഗ പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരെ നിയമിക്കുന്നതിനായി 29/12/2021 ലെ സ.ഉ(കൈ)നം.58/2021/പജപവവിവ, 16/05/2023 ലെ സ.ഉ(കൈ)നം.11/2023/പജപവവിവ, 02/06/2023 ലെ സ.ഉ(കൈ)നം.15/2023/ പജപവവിവ എന്നീ ഉത്തരവുകൾ പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗക്കാരോട് സാമൂഹിക പ്രതിബദ്ധത ഉള്ളവരും സാമുദായിക സാമൂഹ്യ മേഖലകളിൽ മികച്ച പ്രവർത്തന പരിചയമുള്ളവരെയുമാണ് പട്ടികവർഗ്ഗ/ ഹെൽത്ത് പ്രൊമോട്ടർമാരായി തെരഞ്ഞെടുക്കുന്നത്. Particularly Vulnerable Tribal Group (PVTG)/ അടിയ/പണിയ/മലപണ്ടാരം എന്നീ വിഭാഗങ്ങളിലുള്ളവർക്ക് 8-ാം ക്ലാസും, മറ്റ് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10-ാം ക്ലാസുമാണ് ഈ തസ്തികയിലേക്ക് അപേക്ഷിക്കുവാനുള്ള വിദ്യാഭ്യാസ യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 20 – 40 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുക്കുന്നവരുടെ സേവന കാലാവധി 2 വർഷമായിരിക്കും. കൂടാതെ നിയമനം നടത്തുമ്പോൾ അതാത് സെറ്റിൽമെന്റിൽ നിന്നുള്ളവർക്ക് മുൻഗണന നൽകുന്നതുമാണ്. |
| (ബി) | പ്രമോട്ടർമാരുടെ താല്ക്കാലിക നിയമനങ്ങൾ നടത്തുന്നത് എപ്രകാരമാണെന്ന് അറിയിക്കുമോ; | (ബി) | പട്ടികവർഗ്ഗ പ്രൊമോട്ടർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ച് അഭിമുഖം നടത്തി ജില്ലാ തലത്തിൽ റാങ്ക് പട്ടിക തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ നിയമനം നൽകുകയാണ് ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രമോട്ടർമാരുടെ നിയമനത്തിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്നത് സംബന്ധിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ നിയമനത്തിനായുള്ള നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്നത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ